**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1528** **19-01-2021 - ൽ മറുപടിയ്ക്ക്**

**കേരഗ്രാമം പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കേരഗ്രാമം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വെക്കുന്നത് എന്താണെന്ന് അറിയിക്കാമോ; | (എ) | കേരഗ്രാമം പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യം വയ്ക്കുന്നത് നാളീകേര കൃഷിയുടെ വിസ്തൃതി വർദ്ധനവും നാളീകേര ഉൽപാദന വർദ്ധനവും അതുവഴി നാളീകേര കർഷകരുടെ ക്ഷേമവുമാണ്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങുകൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങുകൃഷിയുടെ അഭിവൃദ്ധിയ്ക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൌകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉത്പാദനം, തെങ്ങുകയറ്റയന്ത്രങ്ങളുടെ വിതരണം എന്നീ സഹായപദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കളനിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടൽ, മണ്ണ് പരിപോഷണവസ്തുക്കൾ, ജൈവരാസവളങ്ങൾ, ജീവാണുവളങ്ങൾ എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ചുമാറ്റി മേൽത്തരം തെങ്ങിൻതൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർനിർമ്മാണ/ സംസ്കരണയൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നു. |
| (ബി) | കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പഞ്ചായത്തുകളിലാണ് കേരഗ്രാമം പദ്ധതി ഇപ്പോൾ നടപ്പിലാക്കിവരുന്നത്; | (ബി) | കേരഗ്രാമം പദ്ധതി 1st year, 2nd year, 3rd year എന്നിങ്ങനെ 3 ഘട്ടങ്ങളിലായി ആകെ 24 പഞ്ചായത്തുകളിൽ നിലവിൽ നടപ്പിലാക്കി വരുന്നു. പഞ്ചായത്തുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു. കേരഗ്രാമം 1st year 4 എണ്ണം (2020-21 വർഷം ആരംഭിച്ചവ) 1) തിരുവള്ളൂർ 2) കുന്നമംഗലം 3) കുറവട്ടൂർ 4) കൂരാച്ചുണ്ട് കേരഗ്രാമം 2nd year 10 എണ്ണം (2019-20 വർഷം ആരംഭിച്ചവ) 1) അത്തോളി 2) തലക്കുളത്തൂർ 3) കൂടരഞ്ഞി 4) എടച്ചേരി 5) കുറ്റ്യാടി 6) മരുതോങ്കര 7) ഒഞ്ചിയം 8) മേപ്പയൂർ 9) തിക്കോടി 10) ഫറോക്ക് കേരഗ്രാമം 3rd |

| | | | |
|---|---|---|---|
| | | | year 12 എണ്ണം (2018-19 വർഷം ആരംഭിച്ചവ) 1) പെരുമണ്ണ 2) ബാലുശ്ശേരി 3) ഉണ്ണികുളം 4) ചെറുവണ്ണൂർ 5)നൊച്ചാട് 6) നന്മണ്ട 7) കട്ടിപ്പാറ 8) വളയം 9) വേളം 10) കായക്കൊടി 11) മൂടാടി 12) ചേറോട് |
| (സി) | ബാലുശേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി വഴി എത്ര നാളികേര കർഷകർക്കാണ് വിവിധ പഞ്ചായത്തുകളിലായി ധനസഹായം ലഭിച്ചുകൊണ്ടിരിക്കുന്നത്; | (സി) | ബാലുശ്ശേരി മണ്ഡലത്തിൽ ആനുകൂല്യം ലഭിച്ച കർഷകരുടെ എണ്ണം പഞ്ചായത്തടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു. നടുവണ്ണൂർ - 315 ബാലുശ്ശേരി - 2967 ഉണ്ണികുളം - 1536 അത്തോളി - 1228 കൂരാച്ചുണ്ട് - 1547 |
| (ഡി) | കേരഗ്രമം പദ്ധതി കോഴിക്കോട് ജില്ലയിലെ എല്ലാ ഗ്രാമ പഞ്ചായത്തുകളിലും നടപ്പിലാക്കാൻ സർക്കാർ തയ്യാറാകുമോ? | (ഡി) | ഘട്ടംഘട്ടമായി നാളീകേര കൃഷിയുള്ള എല്ലാ പഞ്ചായത്തുകളിലും കേരഗ്രാമം നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യം വയ്ക്കുന്നത്. |

സെക്ഷൻ ഓഫീസർ